<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2261 09.03.2018-ൽ മറുപടിയ്ക്ക്

## എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് ഡ്രൈവിംഗ് കോഴ്സ്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | എസ്.സി./എസ്.ടി. വിഭാഗത്തിൽ പ്പെട്ടവർക്ക് സ്വയം തൊഴിലിന്റെ ഭാഗമായി ഡ്രൈവിംഗ് കോഴ്സ് പഠിപ്പിക്കുന്നതിന് 2015 മുതൽ 2017 വരെ തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ ഡ്രൈവിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അതിന്റെ പേരും, സ്ഥലവും വിശദീകരിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന രണ്ട് ഡ്രൈവിംഗ് സ്കൂളുകൾക്കാണ് വകുപ്പിന്റെ അംഗീകാരം അനുവദിച്ചിട്ടുള്ളത്.<br>1. ഭാരത് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, കരമന<br>2. എസ്.ആർ.മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, നെയ്യാറ്റിൻകര. |
| (ബി) | ഡ്രൈവിംഗ് പരിശീലനം നടത്തുന്ന ഡ്രൈവിംഗ് സ്കൂളുകൾക്ക് ഒരു ആളിന് ട്യൂഷൻ ഫീസ് ആയി എത്ര തുക ആണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഡ്രൈവിംഗ് പരിശീലനം നൽകുന്ന ഡ്രൈവിംഗ് സ്കൂളുകൾക്ക് നിലവിൽ ഒരു ആളിന് **2,100/-** രൂപയാണ് ട്യൂഷൻ ഫീസായി നൽകുന്നത്. |
| (സി) | എസ്.സി./എസ്.ടി. വിഭാഗത്തിലെ ഡ്രൈവിംഗ് തൊഴിൽ പഠിക്കുന്നവർക്ക സ്റ്റൈഫെന്റായി എത്ര തുകയാണ് നൽകുന്നത്; | (സി) | പ്രതിമാസം 175 രൂപ നിരക്കിൽ 6 മാസത്തേക്ക് 1,050/-രൂപ സ്റ്റൈപന്റ് ഇനത്തിൽ നൽകി വരുന്നു. |
| (ഡി) | ഡ്രൈവിംഗ് കോഴ്സ് പഠിപ്പിക്കുന്ന തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ ഡ്രൈവിംഗ് സ്കൂളുകൾക്ക് 2015 മുതൽ 2017 വരെ ട്യൂഷൻ ഫീസ് ഇനത്തിൽ തുക നൽകാൻ ഉണ്ട്; ഡ്രൈവിംഗ് സ്കൂളുകളുടെ പേരും, സ്ഥലവും, നൽകാനുള്ള തുകയുടെ വിവരവും വിശദീകരിക്കാമോ; | (ഡി) | എസ്.ആർ.മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, നെയ്യാറ്റിൻകര. നൽകുവാനുള്ള തുക 90,800/-രൂപ |
| (ഇ) | എസ്.സി./എസ്.ടി. വിഭാഗത്തിലെ ഡ്രൈവിംഗ് പഠിപ്പിക്കുന്നതിനു പുതിയതായി അംഗീകാരം നൽകാൻ ഡ്രൈവിംഗ് സ്കൂളുകളുടെ പാനൽ തയ്യാറാക്കാൻ 2018 ൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | 29/05/2017 ലെ സ.ഉ.(സാധാ)നം.1360/17/പജപവവിവ പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരമുള്ള ഡ്രൈവിംഗ് സ്കൂളുകളിൽ പഠിയ്ക്കുന്ന എസ്.സി/എസ്.ടി വിദ്യാർത്ഥികൾ സർക്കാർ ആനുകൂല്യത്തിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരമുള്ള ഡ്രൈവിംഗ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ,, വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1360/**17**/പജപവവിവ തിരുവനന്തപുരം, തീയതി 29/05/2017.

---

പരാമർശം:- 1) 6/9/2002ലെ സ.ഉ(കൈ)നം.51/2002/പജപവവിവ ഉത്തരവ്
2) പട്ടികജാതി വികസന വകുപ്പു ഡയറക്ടറുടെ 08/06/2013ലെ എഡ്യൂ.സി2-11294/11 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവുപ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല മോട്ടോർ ഡ്രൈവിംഗ് പരിശീലന കോഴ്സിന് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉയർന്ന നിരക്കു നൽകി ഒരു സ്ഥാപനത്തിനുമാത്രം ആനുകൂല്യം നൽകുന്നതിനു പകരം പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിച്ചുവരുന്ന എല്ലാ സ്ഥാപനങ്ങൾക്കും പുതുക്കിയ ആനുകൂല്യം അനുവദിക്കാവുന്നതാണെന്നും ഡ്രൈവിംഗ് പരിശീലനത്തിന് നൽകാവുന്ന പരമാവധി ഫീസിന്റെ കാര്യത്തിൽ സർക്കാർതലത്തിൽ തീരുമാനം ഉണ്ടാകണമെന്നും പരാമർശം(2)പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് മോട്ടോർവാഹന വകുപ്പിന്റെ അംഗീകാരമുള്ള ഡ്രൈവിംഗ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 3500/-രൂപ വീതം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച ചെലവ് "2225-01-277-98 പ്രീ-മെട്രിക് സ്റ്റഡീസ്(NP)" എന്ന ശീർഷകത്തിൽനിന്നും തേർച്ച ചെയ്യാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ബി.തങ്കമണി**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ)
കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർ, തിരുവനന്തപുരം.(പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ